എസ്. എസ്. എൽ. സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ കുട്ടികൾ തോറ്റ വിഷയങ്ങളിലെ ബോധന രീതിയിൽ മാറ്റം വരുത്താൻ നടപടി

86 [5746] ശ്രീ. എൻ. ശക്തൻ:
„ ഡൊമിനിക് പ്രസന്റേഷൻ :
„ ടി. യു. രാധാകൃഷ്ണൻ:
„ എ. സുജനപാൽ:
„ കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ കുട്ടികൾ ഏതെല്ലാം വിഷയത്തിനാണ് തോറ്റത്;

(ബി) ഈ വിഷയങ്ങളിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കത്തക്ക വിധത്തിൽ ബോധന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശ്യമുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതു വിധത്തിൽ എന്നു പറയുമോ;

(ഡി) പൊതുവെ കുട്ടികളുടെ നിലവാരം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണക്ക്, ഇംഗ്ലീഷ് വിഷയങ്ങളിൽ.

(ബി) ഉണ്ട്.

(സി) ക്ലാസ്സ് ഇൻസ്പെക്ഷൻ കൂടുതൽ ഫലപ്രദമായി നടത്താൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബോധനരീതി വിലയിരുത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർക്ക് പുറമെ പ്രഗത്ഭരായ അദ്ധ്യാപകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാനലിന് രൂപം നൽകിയിട്ടുണ്ട്. മോണിറ്ററിംഗിലും മൂല്യനിർണ്ണയത്തിലും പ്രാഗത്ഭ്യം ഉണ്ടാക്കാനുതകുന്ന വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിജയശതമാനം വളരെ കുറഞ്ഞ വിദ്യാലയങ്ങളെ ദത്തെടുക്കുവാനും അവിടങ്ങളിൽ അദ്ധ്യാപകരുടെ ഒഴിവുകൾ നികത്തുവാനും നിരന്തര സന്ദർശനങ്ങളിലൂടെ വിദ്യാലയ പ്രവർത്തനം വിലയിരുത്തുവാൻ വേണ്ടതും ചെയ്തിട്ടുണ്ട്. ഉയർന്ന വിജയശതമാനം കരസ്ഥമാക്കുന്ന സ്കൂളുകൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുവാനും നടപടികൾ എടുത്തിട്ടുണ്ട്. സമയാസമയങ്ങളിൽ യൂണിറ്റ് ടെസ്റ്റ് നടത്തുന്നതിനും സ്കൂൾ സമയത്തിനുശേഷം പി. ടി. എ.-യുടെ സഹകരണത്തോടെ ക്ലാസ്സുകൾ നടത്തുവാനും വേണ്ടതു ചെയ്തിട്ടുണ്ട്. ടെക്സ്റ്റ് ബുക്കുകൾ യഥാസമയം സ്കൂളുകളിലെത്തിക്കുവാനും 'സ്കീം ഓഫ് വർക്ക്',

LIBRARY ARCHIVES Kerala Legislative Assembly

'അദ്ധ്യാപന സഹായി' എന്നിവ വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ഇതിനെല്ലാം പുറമേ വിജയശതമാനം ഉയർത്തുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ 'വിദ്യാജ്യോതി', 'ഹരിശ്രീ', 'വിജയഭേരി' തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(ഡി) നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയ രീതികൾക്കു പുറമെ സ്കൂൾ ഇൻസ്പെക്ഷൻ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കാനും നടപടികൾ എടുത്തിട്ടുണ്ട്. കരിക്കുലത്തിൽ വരുന്ന മാറ്റത്തിനനുസൃതമായ പഠനബോധന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. മദർ പി. ടി. എ., പി. ടി. എ. എന്നിവയുടെ സഹകരണത്തോടെ വിദ്യാലയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി നടപടികൾ എടുത്തിട്ടുണ്ട്. പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉതകുന്ന വിധത്തിൽ സ്കൂൾ സമയത്തിനു പുറമേ എക്സ്ട്രാ ക്ലാസ്സും, അവരിൽ ഏറ്റവും ഉയർന്ന മാർക്ക് കരസ്ഥമാക്കുന്നവർക്ക് പ്രത്യേക സമ്മാനങ്ങളും ക്യാഷ് അവാർഡും നൽകി വരുന്നുണ്ട്.

എസ്. എസ്. എൽ. സി. ബുക്കിലുണ്ടാകുന്ന പിശകുകൾ ഒഴിവാക്കാൻ നടപടി

87 [5747] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദ് അലി :
,, പി. കെ. അബ്ദുറബ്ബ്:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്:
,, ഇസ്ഹാഖ് കുരിക്കൾ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എൽ. സി. ബുക്കിലുണ്ടാകുന്ന ചെറിയ പിശകുകൾ തിരുത്തുന്നതിനും മറ്റും വിദ്യാർത്ഥികളും രക്ഷിതാക്കളും വളരെയേറെ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ നിന്നും ലിസ്റ്റ് അയയ്ക്കുമ്പോൾ കുട്ടികളുടെ പേര്, ജാതി, മതം തുടങ്ങിയ കാര്യങ്ങൾ കൃത്യമായി തെറ്റു കൂടാതെ അയയ്ക്കുവാൻ സ്കൂൾ അധികൃതർക്ക് നിർദ്ദേശം കൊടുക്കുമോ;

(സി) ഓരോ വർഷവും പുതിയ അദ്ധ്യാപകർ ലിസ്റ്റ് തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഒരു സർക്കുലർ അയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly